

ഫിക്കി അവാർഡ് അമൃത സർവകാലാശാല ഇ-ലേണിംഗ് റിസർച്ച് ലാബ് ഡയറക്ടർ പ്രൊഫ. കമല ബിജ്‌ലാനി നീതി ആയോഗ് വൈസ് ചെയർമാൻ ഡോ. അരവിന്ദ് പാനാഗരിയയിൽ നിന്ന് അവാർഡ് ഏറ്റുവാങ്ങുന്നു

# അമൃത സർവകലാശാലയുടെ ഇ-ലേണിംഗിന് ഫിക്കി അവാർഡ്

കൊച്ചി: സാങ്കേതികരംഗത്തെ മികവിനുള്ള ഫിക്കി ദേശീയ അവാർഡിന് അമൃത സർവകലാശാലയുടെ ഓപ്പൺ സോഴ്സ് ഇ-ലേണിംഗ്സൊല്യൂഷൻഎ-വ്യൂന് ലഭിച്ചു. ഫിക്കി വിദ്യാഭ്യാസ ഉച്ചകോടിയിൽ സർവകാലാശാലഇ-ലേണിംഗ്റിസർച്ച് ലാബ് ഡയറക്ടർ പ്രൊഫ. കമലബിജ്‌ലാനിനീതിആയോഗ് വൈസ്ചെയർമാൻഡോ. അരവിന്ദ്പാനാഗരിയയിൽനിന്ന്അവാർഡ് ഏറ്റുവാങ്ങി.

കേന്ദ്ര മാനവ വിഭവ ശേഷി വകുപ്പ് മന്ത്രി പ്രകാശ് ജാവ്ദേക്കർ ഉദ്ഘാടനം ചെയ്ത ചടങ്ങിൽ ആന്ധ്ര പ്രദേശ് മുഖ്യമന്ത്രി ചന്ദ്രബാബു നായിഡു, യൂറോപ്യൻ യൂണിയൻ സാംസ്കാരിക-വിദ്യാഭ്യാസ ഡയറക്ടർ ജനറൽ മാർട്ടിൻ റിഷേർട്ട്സ് എന്നിവർ പങ്കെടുത്തു. എ-വ്യൂ സോഫ്റ്റ്‌വെയർ ക്ലാസ് റൂമിലോ കംപ്യൂട്ടറിലോ സ്മാർട്ട് ഫോണിലോ സജ്ജീകരിക്കാം. www.aview.com എന്ന വെബ്സൈറ്റിൽ സോഫ്റ്റ് വെയർ സൗജന്യമായി ലഭിക്കുമെന്ന് അധികൃതർ അറിയിച്ചു.